# മറ്റൊരു യേശുവും അദ്ദേഹത്തിൻറെ ശുശ്രൂഷയും

സാക് പുന്നൻ

WFTW 11 ജൂൺ 2017

' നിങ്ങൾ സുവഞ്ചനീയരായിരിക്കുന്നു. ഒരുത്തൻ വന്ന് നിങ്ങളോട് എന്തുപറഞ്ഞാലും, ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ അയാൾ പ്രസംഗിച്ചാൽ പോലും, നിങ്ങൾ വിശ്വസിക്കുന്നു' ( 2 കൊരി 11:4 ലിവിംഗ് ബൈബിൾ).

ഏതാണ്ട് 2000 വർഷങ്ങൾക്ക് മുമ്പ് നിങ്ങൾ പലസ്തീനിലായിരുന്നു എന്നും രോഗികളെ സൗഖ്യമാകുന്ന 'നസ്രായനായ യേശു' എന്നു വിളിക്കപ്പെടുന്ന ഒരാളിൻറെ ശുശ്രൂഷയെക്കുറിച്ച് നിങ്ങൾ കേട്ടു എന്നും നിങ്ങൾ സങ്കൽപ്പിക്കുക. നിങ്ങൾ അദ്ദേഹത്തെ നേരിൽ കണ്ടിട്ടില്ല, എന്നാൽ 'യേശു' എന്നു വിളിക്കപ്പെടുന്ന ഒരു പ്രാസംഗികനോട് ചേർന്ന് യെരുശലേമിൽ നടക്കുന്ന ഒരു രോഗശാന്തി ശുശ്രൂഷയിൽ പങ്കെടുക്കുന്ന വലിയ ഒരു ജനക്കൂട്ടത്തെ കാണുവാനിടയായപ്പോൾ നിങ്ങൾക്ക് സന്തോഷം ഉണ്ടാകുന്നു.

നിങ്ങൾ അങ്ങോട്ട് അടുത്തു ചെന്നപ്പോൾ, പ്രസംഗവേദിയിൽ പ്രാസംഗികനായ യേശുവിനോടൊപ്പം പീലാത്തോസും ഹെരോദാവും, അന്നാസും കയ്യഫാവും ഇരിക്കുന്നതായിട്ട് നിങ്ങൾ കാണുന്നു. അതിനുശേഷം 'യേശു' മുന്നോട്ടുവന്ന് ജനക്കൂട്ടത്തെ അഭിസംബോധന ചെയ്തു കൊണ്ട്, പാലസ്തീനിലെ ഏറ്റവും ശ്രേഷ്ഠന്മാരായ രണ്ടു ഭരണാധികാരികളായിരിക്കുന്ന ' ആദരണീയരായ ഹെരോദാവും പീലാത്തോസും അവരുടെ സാന്നിദ്ധ്യം കൊണ്ട് ഈ യോഗത്തെ ആദരിക്കുവാൻ അനുഗ്രഹപൂർവ്വം ആഗതരായിട്ടുള്ളതു കൊണ്ട്' ഈ ദിവസം നിങ്ങൾ എത്രയധികം മാനിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് തോന്നേണ്ടതാണ്, എന്നു പറയുന്നു. അതുമാത്രമല്ല ' ശ്രേഷ്ഠന്മാരായ രണ്ടു ദൈവദാസന്മാർ, റൈറ്റ് റവറൻറ് അന്നാസും കയ്യാഫാവും ഈ കൂടി വരവിനെ അനുഗ്രഹിക്കുവാൻ വന്നിട്ടുണ്ട്'

മുഖവുരയായി ഈ വാക്കുകൾ പറഞ്ഞശേഷം, 'യേശു' ഹെരോദാവിനെയും പീലാത്തോസിനെയും യോഗം ഉത്ഘാടനം ചെയ്യുവാനും ഏതാനും വാക്കുകൾ സംസാരിക്കുവാനുമായി ക്ഷണിക്കുന്നു. ഹെരോദാവും പീലാത്തോസും ' യേശുവിനെ'പുകഴ്ത്തിക്കൊണ്ട് അദ്ദേഹത്തിൻറെ ശുശ്രൂഷയിലൂടെ എത്രയധികം നല്ലകാര്യങ്ങളാണ് സമൂഹത്തിനുവേണ്ടി അദ്ദേഹം ചെയ്യുന്നതെന്നും, അദ്ദേഹം എല്ലാ ജനങ്ങളുടെയും പിൻതുണ അർഹിക്കുന്നു എന്നും പറയുന്നു. അതിനുശേഷം റൈറ്റ് റവറൻറ് അന്നാസിനെയും കയ്യാഫാവിനെയും ഏതാനും വാക്കുകൾ സംസാരിക്കുവാനും പ്രാർത്ഥന തുടങ്ങുവാനുമായി 'യേശു' ക്ഷണിക്കുന്നു. അവരും 'യേശു'വിനെ വാനോളം പുകഴ്ത്തുകയും അവരുടെ സഭാവിഭാഗത്തിലുള്ള എല്ലാവരും 'യേശുവിൻറെ' ശുശ്രൂഷയെ പൂർണ്ണഹൃദയത്തോടെ പിൻതുണയ്ക്കണം എന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

അതിനുശേഷം ശുശ്രൂഷയുടെ സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് ഏതാനുംവാക്കുകൾ സംസാരിക്കുവാനായി ഇസ്ക്കരിയോത്ത യുദയെ യേശുക്ഷണിക്കുന്നു. ഈ ശുശ്രൂഷയുടെ എല്ലാ ആവശ്യങ്ങളും നടത്തുന്നതിന് ഏതാണ്ട് 10000 ദിനാറോളംആവശ്യമുണ്ട് എന്ന് അയാൾ പറയുന്നു. 1000 ദിനാറിൽ കൂടുതൽ സംഭാവന നൽകുന്നവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്താമെന്ന് യേശു വാഗ്ദാനം ചെയ്തിട്ടുണ്ട് (അവർ വിശ്വാസികളാണോ അവിശ്വാസികളാണോ എന്നത് കാര്യമല്ല  എല്ലാ ധനവാന്മാർക്കും സ്വാഗതം, എത്ര കണ്ട് കൂടുതൽ ധനികരാണോ അത്രയും നല്ലത്!) എന്നു പറഞ്ഞിട്ട് അങ്ങനെയുള്ളവർക്കുള്ള 'ഫാറങ്ങൾ' വാതിൽ കാവൽക്കാരുടെ കയ്യിലുണ്ട് എന്നും യൂദാ പറയുന്നു. അപ്പോൾ ഹെരോദാവ് എഴുന്നേറ്റ് ഈ ശുശ്രൂഷയിലേക്ക് സംഭാവന നൽകുന്നവർക്ക് ഒരു നികുതിയിളവ്

അനുവദിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു അപ്പോൾതന്നെ പിരിവ് ശേഖരിക്കുന്നു. അതിനുശേഷം 'യേശു' ഒരു ലഘു സന്ദേശം നൽകുന്നു, തൻറെ അത്ഭുത ശക്തിയെ വിവരിച്ചു കാട്ടുന്നതിനു വേണ്ടി ഏതാനും അതിശയങ്ങൾ കാണിച്ച് സാധുക്കളായ ആളുകളെ അത്ഭുത സ്തബ്ധരാക്കുകയും ഏതാനും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നു. അതിനുശേഷം ആർക്കെങ്കിലും താനുമായി കൂടിക്കാഴ്ച നടത്താൻ കഴിയുന്നതിനു മുമ്പ്, അദ്ദേഹം ഹെരോദാവ്, പീലാത്തോസ്, അന്നാസ്, കയ്യഫാവ്, ഇസ്കരിയോത്തായൂദാ ( പണസഞ്ചിയും) തുടങ്ങിയവയോടുകൂടെ റോമൻ രാജകീയ രഥത്തിൽ മദ്ധ്യയെരുശലേമിലുള്ള ആർച്ച് ബിഷപ്പിൻറെ കൊട്ടാരത്തിലേക്ക് വളരെ തിടുക്കത്തിൽ അവരുടെ കൂടെ വിരുന്നിനായി പോയി.

എന്തായാലും, ഇതിൻറെ എല്ലാം അവസാനം, നിങ്ങൾ പുതിയതായി രക്ഷിക്കപ്പെട്ട ഒരാളായാൽ പോലും അപ്പോഴും നിങ്ങൾക്കുള്ള അല്പ വിവേചനവും അനുഭവവും വെച്ച് നിങ്ങൾക്ക് ചെറിയ അസ്വസ്ഥത തോന്നും. നിങ്ങൾ കണ്ടകാര്യങ്ങളൊന്നും, യേശുവിനെക്കുറിച്ച് മത്തായി, പത്രോസ്, യോഹന്നാൻ തുടങ്ങിയ അപ്പൊസ്തലന്മാരിൽ നിന്ന് നിങ്ങൾ കേട്ടിട്ടുള്ള കാര്യങ്ങളുമായി ചേർന്ന് പോകുന്നില്ല.

അപ്പോൾ ഏതുവിധേനയും സാത്താൻ നിങ്ങളുടെ കാതുകളിൽ മന്ത്രിക്കും 'ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു, 'വിധിക്കരുത് '( മത്താ. 7:1) . എന്നാൽ നിങ്ങൾ അവനോടു പറയുക' ഇങ്ങനെയും കൂടി എഴുതപ്പെട്ടിരിക്കുന്നു, 'പ്രിയമുള്ളവരെ, കള്ള പ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതാത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്യ് വിൻ' ( 1 യോഹന്നാൻ 4:1) .

ഒടുക്കം,നിങ്ങൾ കൃത്യമായ ഒരു നിഗമനത്തിലെത്തിച്ചേരുന്നു. ഞാൻ കേട്ടിട്ടുള്ള യേശു ഇതല്ല. ഇത് തീർച്ചയായും മറ്റൊരു 'യേശു'വാണ്. നിങ്ങൾ പറഞ്ഞത് ശരിയുമാണ്. അത് മറ്റൊരു 'യേശു' ആയിരുന്നു. നിങ്ങൾ എങ്ങനെയാണ് ആ നിഗമനത്തിലെത്തിച്ചേർന്നത്? കാരണം നിങ്ങളിലുള്ള അഭിഷേകം താഴെപ്പറയുന്ന വസ്തുതകൾ നിങ്ങളോട് പറഞ്ഞു ( 1 യോഹന്നാൻ 2:19,20,27): 1. യഥാർത്ഥ യേശു തൻറെ ശുശ്രൂഷയ്ക്കുവേണ്ടി ലോക ഭരണാധിപന്മാരുടെ ഏതെങ്കിലും ആനുകൂല്യങ്ങളോ, മാനസാന്തരപ്പെടാത്ത മതനേതാക്കന്മാരിൽ നിന്നുള്ള ഏതെങ്കിലും ശുപാർശയോ അന്വേഷിക്കുകയില്ല. അവരിൽ ആരെയെങ്കിലും മുഖസ്തുതി പറഞ്ഞ് ഉയർത്തുകയുമില്ല. ഒരിക്കൽ ഒരു ബിഷപ്പ് തൻറെ അടുക്കൽ വന്നപ്പോൾ, അവിടുന്ന് അയാളോട് വീണ്ടും ജനിക്കേണ്ട ആവശ്യത്തെക്കുറിച്ചു പറഞ്ഞു ( യോഹന്നാൻ 3:110). യേശു ഹെരോദാരാജാവിനെ 'ഒരു കുറുക്കൻ' എന്നു വിളിച്ചു ( ലൂക്കോ 13:31,32) എന്നു മാത്രമല്ല അവിടുന്ന് അയാളെ കണ്ടുമുട്ടിയപ്പോൾ അയാളോട് സംസാരിക്കുവാൻ പോലും വിസമ്മതിച്ചു ( ലൂക്കോ 23:8,9).

2. യഥാർത്ഥ യേശു ഒരിക്കലും ആരോടും പണം ആവശ്യപ്പെടുകയില്ല തൻറെ ശുശ്രൂഷയുടെ ആവശ്യത്തിനു പോലും, അവിടുന്നു തൻറെ ആവശ്യങ്ങൾ തൻറെ പിതാവിനോട് മാത്രമേ അറിയിച്ചിട്ടുള്ളു. അപ്പോൾ പിതാവ് അളുകളെയോ അല്ലെങ്കിൽ ഒരു മീനിനെപോലും ( ഒരു അവസരത്തിൽ) ഇളക്കി യേശുവിൻറെ ആവശ്യം നിവർത്തിക്കും ( ലൂക്കോ 8:1 3, മത്താ 17:27).

3. യഥാർത്ഥ യേശു ഒരിക്കലും അവിടുത്തെ പ്രാർത്ഥനകൾ എന്തെങ്കിലും വിലയ്ക്ക് 'വില്ക്കുകയില്ല' ശിമോൻ എന്ന ആഭിചാരകൻ ഒരിക്കൽ പത്രൊസിൻറെ പ്രാർത്ഥനയ്ക്ക് പണം വാഗ്ദാനം ചെയ്തപ്പോൾ, ദിവ്യദാനം വിലയ്ക്കു വാങ്ങിക്കുവാനുള്ള അയാളുടെ ദുഷ്ടചിന്തയെ പത്രൊസ് ശാസിച്ചു ( അപ്പൊ.പ്ര 8: 1823). ശിമോൻ ഉടനെതന്നെ മാനസാന്തരപ്പെട്ടു. എന്നാൽ നൂറ്റാണ്ടുകൾ കൊണ്ട്, അയാളുടെ മാനസാന്തരപ്പെടാത്ത, വളരെയധികം അനുയായികൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴും പത്രൊസിൻറെ പിൻഗാമികൾ

എന്നവകാശപ്പെടുന്നവർ ഏതുവിധേനയും അവരുടെ പ്രാർത്ഥനകൾ പണത്തിനു വിൽക്കുന്നുണ്ട്. പത്രൊസിനെപ്പോലെ മാർട്ടിൻ ലൂഥർ അദ്ദേഹത്തിൻറെ കാലത്ത് അത്തരത്തിലുള്ള ദുഷ്ടതയ്ക്കെതിരായി നിന്നു എന്നാൽ മാർട്ടിൻ ലൂഥറിൻറെ പിൻഗാമികളിൽ ചിലർ ( ഇന്നത്തെ പ്രൊട്ടസ്റ്റൻറുകാർ) അവരുടെ 'പ്രാർത്ഥനകളും' അവരുടെ 'പ്രവചനങ്ങളും' കാശിന് വിൽക്കാൻ തുടങ്ങിയിട്ടുണ്ട്, എന്നാൽ കഷ്ടമെന്നു പറയട്ടെ, ശിമോനെപ്പോലെ അനേകർ അവയ്ക്കായി വില കൊടുക്കുവാനും തയ്യാറാണ് !

അവസാന നാളുകളിലെ വഞ്ചന, വ്യതന്മാർ പോലും വഞ്ചിതരാകത്തക്കവിധത്തിൽ നിഗൂഢമായിരിക്കും എന്ന് യേശു നമുക്ക് പ്രത്യേക മുന്നറിയിപ്പ് നൽകിയിട്ടുണ്ട് പ്രത്യേകിച്ച് അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ( മത്തായി 24:24) . ഇന്ന് വ്യതന്മാർ സൂക്ഷിക്കേണ്ടതും വളരെ ശ്രദ്ധയോടെ പരിശോധിക്കേണ്ടതുമായ ഏതെങ്കിലും ഒരു ശുശ്രൂഷ ഉണ്ടെങ്കിൽ, അത് അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ശുശ്രൂഷയാണ്. യേശു ഇന്നും യഥാർത്ഥ പരിശുദ്ധാത്മ വരങ്ങളിലൂടെ അതിശയങ്ങൾ ചെയ്യുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ യേശുവിൻറെ പേരിൽ നടക്കുന്ന എല്ലാ കാര്യങ്ങളും യഥാർത്ഥമല്ല.

തങ്ങളുടെ മുറിക്കകത്ത് യേശു ശരീരത്തിൽ വന്നു എന്ന് ആരെങ്കിലും പറഞ്ഞാൽ അത് വിശ്വസിക്കരുതെന്ന് അവിടുന്ന് നമ്മോട് പറഞ്ഞു (മത്താ 24:26 കാണുക) യുഗാവസാനത്തോളം അവിടുന്ന് ( തൻറെ ആത്മാവിൽ) നമ്മോടു കൂടെ ഉണ്ടായിരിക്കുമെന്ന് കർത്താവ് നമുക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്, എന്നാൽ നാം അവിടുത്തെ ശാരീരികമായി കാണുന്നത് അവിടുന്ന് തൻറെ മഹത്വത്തിൽ മടങ്ങി വരുമ്പോൾ മാത്രമാണ്. യേശുവിൻറെ ഉയിർത്തെഴുന്നേറ്റ ശരീരം അവിടുത്തെ സ്വർഗ്ഗാരോഹണം മുതൽ ഈ കഴിഞ്ഞ വർഷങ്ങളിലെങ്ങും (1900 വർഷങ്ങളിലധികം) ഒരിക്കലും പിതാവിൻറെ വലതുഭാഗം വിട്ടുപോന്നിട്ടില്ല. പൗലൊസും സ്തെഫാനോസും അവിടെയാണ് യേശുവിനെ കണ്ടത് (അപ്പൊ പ്ര 7:53, 9:3). യോഹന്നാൻ പോലും പത്മോസിൽ യേശുവിൻറെ ഭൗതികശരീരം കണ്ടില്ല. യേശുവിനെ പ്രതിനിധാനം ചെയ്യുന്ന പ്രതീകങ്ങൾ മാത്രമാണ് അദ്ദേഹം കണ്ടത് (വെളി1:13 16). യേശു ഒടുവിലായി സ്വർഗ്ഗം വിടുന്നത്. ഭൂമിയിലേക്കുള്ള അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി മാത്രമായിരിക്കും. അതുകൊണ്ട് ഇന്ന് അവരുടെ മുറിക്കകത്ത് അവിടുന്ന് ശരീരത്തിൽ വന്നു എന്ന് അവർ പറഞ്ഞാൽ അവരെ വിശ്വസിക്കരുത്. സുവഞ്ചനീയരായ വിശ്വാസികളുടെ ഇടയിൽ ജീവിക്കുമ്പോൾ നമുക്ക് വിവേചനമില്ലാതെ നിലകൊള്ളരുത്. ഈ അന്ത്യനാളുകളിൽ വ്യക്തമായ വെളിച്ചം ആഗ്രഹിക്കുന്ന ഏവർക്കും ദൈവത്തിൻറെ വചനം അതു നൽകുന്നു. നാം ആ പ്രകാശത്തെ മാത്രം പിൻതുടരുകയാണെങ്കിൽ, നാം ഒരിക്കലുംവഞ്ചിക്കപ്പെടുകയില്ല.